(ഇ) അങ്കണവാടി പ്രർത്തകർക്കുള്ള ആനുകൂല്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

• അങ്കണവാടികളിൽ 10 വർഷമായി ഹെൽപ്പർ തസ്തികയിൽ സേവനം ചെയ്യുന്ന എസ്.എസ്.എൽ.സി.-യോ ; തത്തുല്യ പരീക്ഷയോ പാസ്സായിട്ടുള്ള വർക്ക് വർക്കർ തസ്തികയുടെ 25% പ്രൊമോഷൻവഴി നിയമനം നൽകിവരുന്നു.

• 31-10-2010-നു മുമ്പ് 6 മാസമോ അതിൽകൂടുതലോ താൽക്കാലിക സേവനത്തിൽ ഏർപ്പെട്ടവരെ അവരുടെ യോഗ്യത, വയസ്സ്, സേവന പരിചയം എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സീനിയോരിറ്റി പ്രകാരം സ്ഥിര നിയമനം നൽകിവരുന്നു.

• ഒരുവർഷം സർവ്വീസ് കാലയളവ് പൂർത്തിയാക്കിയ അംഗൻവാടി പ്രവർത്തകർക്ക് നൽകിവന്നിരുന്ന ഓണറേറിയത്തോടുകൂടിയുള്ള പ്രസവാവധി 135 ദിവസത്തിൽനിന്നും 180 ദിവസമായി ഉയർത്തി.

• അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പ്രതിവർഷം 200 രൂപ വിലയുള്ള 2 യൂണിഫോം സാരിവീതം വാങ്ങി വിതരണംചെയ്തുവരുന്നു.

• എസ്.എസ്.എൽ.സി. പാസ്സാകാത്തവരും 10 വർഷം സർവ്വീസ് ഉള്ളവരുമായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടതും 55 വയസ്സ് തികയാത്തവരുമായ ഹെൽപ്പർക്ക് എസ്.എസ്.എൽ.സി. വിജയിച്ചവരുടെ അഭാവത്തിൽ വർക്കറായി നിയമനം നൽകിവരുന്നു.

• മെച്ചപ്പെട്ട സേവനം കാഴ്ചവെയ്ക്കുന്ന അങ്കണവാടി ഹെൽപ്പർമാർക്ക് അവാർഡ് ഏർപ്പെടുത്തി.

• തദ്ദേശഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനത്തിന് നൽകിവരുന്ന അധിക ഓണറേറിയം അങ്കണവാടി വർക്കർമാർക്ക് 50 രൂപയിൽനിന്നും 150 രൂപയും ഹെൽപ്പർമാർക്ക് 25 രൂപയിൽനിന്നും 75 രൂപയായും ഉയർത്തി.

സാമൂഹ്യ വിഭവകേന്ദ്രങ്ങളാക്കി മാറ്റിയ അങ്കണവാടികൾ

82 (532) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ അസംബ്ലി നിയോജകമണ്ഡലത്തിലെ ഏതെല്ലാം അങ്കണവാടികളാണ് "സാമൂഹ്യ വിഭവ കേന്ദ്ര" ങ്ങളാക്കി മാറ്റിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ അങ്കണവാടികളിൽ ലഭിക്കുന്ന പ്രത്യേക സേവനങ്ങളും സൗകര്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആലുവ അസംബ്ലി നിയോജകമണ്ഡലത്തിലെ ചുവടെ പറയുന്ന ഐ.സി.ഡി.എസ്. പ്രോജക്ടുകൾക്ക് നേരെ കാണിച്ചിട്ടുള്ള അങ്കണവാടികളാണ് "സാമൂഹ്യ വിഭവകേന്ദ്ര"ങ്ങളാക്കി മാറ്റിയിട്ടുള്ളത്.

ഐ.സി.ഡി.എസ്. പ്രോജക്ട്	അങ്കണവാടി
ആലങ്ങാട്	അങ്കണവാടി സെന്റർ നമ്പർ 66
പാറക്കടവ്	അങ്കണവാടി സെന്റർ നമ്പർ 98
ഇടപ്പള്ളി	അങ്കണവാടി സെന്റർ നമ്പർ 76

(ബി) സാമൂഹ്യവിഭവ കേന്ദ്രങ്ങളാക്കിമാറ്റിയ അങ്കണവാടികളിൽ പൊതു ജനങ്ങൾക്കായി കമ്പ്യൂട്ടർ, ചെറിയ വായനശാല, കുമാരി ക്ലബുകൾ തുടങ്ങിയവ പ്രവർത്തിക്കുന്നു. കുട്ടികൾക്ക് മാനസിക വികസനത്തിനുവേണ്ടിയുള്ള സി.ഡി.-കൾ വിതരണം ചെയ്തുവരുന്നു. അങ്കണവാടികളിൽ വിതരണംചെയ്ത കമ്പ്യൂട്ടറുകളിൽ മലയാളം സോഫ്റ്റ്വെയർ ഇൻസ്റ്റാൾ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്.

കുന്ദമംഗലം നിയോജകമണ്ഡലത്തിലെ അങ്കണവാടികൾ

83 (533) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ പുതുതായി എത്ര അങ്കണവാടികൾ അനുവദിച്ചു ; ഇതിന്റെ ലിസ്റ്റ്ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ പുതുതായി 32 അങ്കണവാടികൾ അനുവദിച്ചിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

പഞ്ചായത്ത്	അനുവദിച്ച അങ്കണവാടികളുടെ എണ്ണം
ഒളവണ്ണ	2
ചാത്തമംഗലം	10
മാവൂർ	5
കുന്ദമംഗലം	8
പെരുമണ്ണ	3
പെരുവയൽ	4

LIBRARY ARCHIVES Kerala Legislative Assembly